ഡി. ആന്റ് എം. എം. ബോർഡിന്റെ കൈവശമുണ്ടായിരുന്ന പീരുമേട് ഫാമിലെ 84 ഹെക്ടർ ഭൂമി കാർഷിക സർവ്വകലാശാലയ്ക്ക് കൈമാറ്റം ചെയ്യുകയും നിശ്ചിത സ്ഥലത്ത് കോളേജിനുവേണ്ട വിവിധ കെട്ടിടങ്ങൾ നിർമ്മിക്കാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.

(സി) എൽ. ഡി. ബോർഡിന്റെ കോലാഹലമേട്ട് ഫാമിൽ നിന്ന് 84 ഹെക്ടർ സ്ഥലമാണ് ഡയറി സയൻസ് കോളേജിനുവേണ്ടി കൈമാറ്റം ചെയ്തത്. ഇതിനായി ബോർഡ് ആവശ്യപ്പെട്ട 3.41 കോടി രൂപയിൽ 1.50 കോടി രൂപ സർവ്വകലാശാല നൽകിയിട്ടുണ്ട്.

(ഡി) കോലാഹലമേട് ഫാമിലെ നിശ്ചിത സ്ഥലത്ത് ജീവനക്കാർക്ക് താമസത്തിനുവേണ്ട 2 ഫ്ളാറ്റുകളുടെ നിർമ്മാണപ്രവർത്തനം ആരംഭിച്ചിരുന്നു. കോളേജിന് ആവശ്യമായ അക്കാഡമിക് ബ്ലോക്ക്, ഡയറി ടെക്നോളജി യൂണിറ്റ്, വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റൽ കെട്ടിടം എന്നിവ നിർമ്മിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങുകയും ചെയ്തു. എന്നാൽ കാർഷിക സർവ്വകലാശാലയുടെയും സർക്കാരിന്റെയും കടുത്ത സാമ്പത്തിക പ്രയാസങ്ങൾ കാരണം നിർമ്മാണപ്രവർത്തനങ്ങൾ നിർത്തിവയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ഇ) മറ്റു വികസന പ്രവർത്തനങ്ങൾ നടത്താൻ തീരുമാനമൊന്നും എടുത്തിട്ടില്ല.

(എഫ്) തീരുമാനമൊന്നും ഇതേവരെ എടുത്തിട്ടില്ല.

കുളമ്പുരോഗ ചികിത്സയ്ക്ക് നടപടി

108 (1904) ശ്രീ. ടി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ, ആറാട്ടുപുഴ പഞ്ചായത്തുകളിൽ പശുക്കൾക്ക് വ്യാപകമായി കുളമ്പുരോഗം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവയുടെ ചികിത്സയ്ക്കായി പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു എന്നറിയിക്കുമോ ;

(സി) രോഗം വ്യാപിക്കുന്നതു തടയുന്നതിനായി മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പഞ്ചായത്തുകൾക്ക് പ്രാദേശികമായി മരുന്ന് വാങ്ങുന്നതിന് ധനസഹായം നൽകിയതിനു പുറമെ ജില്ലാതലത്തിലും അത്യാവശ്യ മരുന്നുകൾ വാങ്ങി നൽകുകയുണ്ടായി.

(സി) ജില്ലാ മൃഗസംരക്ഷണ ഓഫീസർ സ്ഥലം സന്ദർശിച്ച് രോഗ നിയന്ത്രണത്തിനായി വേണ്ട നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ചികിത്സയും പ്രതിരോധ നടപടികളും കൈക്കൊള്ളുകയും രോഗം നിയന്ത്രണ വിധേയമാക്കുകയും

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തിട്ടുണ്ട്. രോഗനിയന്ത്രണത്തിനായി മുഴുവൻ കന്നുകാലികൾക്കും ചിട്ടയായി കുത്തിവയ്പ് നിർബന്ധമാക്കുന്നതിനും അന്യ സംസ്ഥാനങ്ങളിൽനിന്നും രോഗം ബാധിച്ച കന്നുകാലികളുടെ വരവ് നിയന്ത്രിക്കുന്നതിനും അതിർത്തികളിലുള്ള ചെക്കുപോസ്റ്റുകൾ ശക്തിപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് രോഗപ്പകർച്ച തടയുന്നതിനായി സൗജന്യമായി പ്രതിരോധ കുത്തിവയ്പ് നടത്തുന്നുണ്ട്. കന്നുകാലിചന്തകൾ, പ്രദർശനങ്ങൾ എന്നിവ നടത്തരുതെന്നും, രോഗമുള്ളവയെ മറ്റ് സ്ഥലങ്ങളിലേക്ക് കൊണ്ടുപോകരുതെന്നും കർശനമായി നിർദ്ദേശം നൽകുന്നുണ്ട്. രോഗപ്രതിരോധത്തിന്റെ ആവശ്യകത ക്ഷീര കർഷകരെ മനസ്സിലാക്കുന്നതിനായി ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുകയും ഇത് സംബന്ധിച്ച് ലഘുലേഖകളും മറ്റും വിതരണം നടത്തുകയും ചെയ്യുന്നുണ്ട്.

തിരുവിഴാംകുന്ന് കാലിഫാമിൽ പടർന്ന രോഗം

109 (1905) ശ്രീ. കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ണാർക്കാട് നിയോജക മണ്ഡലത്തിൽ തിരുവിഴാംകുന്ന് കാലി ഫാമിൽ ഉണ്ടായ മൗത്ത് ആന്റ് ഫുഡ് എന്ന രോഗം വീണ്ടും വരാതിരിക്കാൻ വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) രോഗം ബാധിച്ച കന്നുകാലികൾക്കു വിദഗ്ദ്ധ ചികിത്സ നൽകിയിരുന്നു. രോഗം വരാതിരിക്കുവാനായി എല്ലാ കന്നുകാലികൾക്കും 2003 ഏപ്രിൽ മാസത്തിൽ പ്രതിരോധ കുത്തിവയ്പും നൽകിയിട്ടുണ്ട്.

കാലിരോഗങ്ങൾ നിയന്ത്രിക്കാൻ കേന്ദ്രാവിഷ്കൃത പദ്ധതി

110 (1906) ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജ്യവ്യാപകമായി കന്നുകാലികളെ ബാധിക്കുന്ന പ്രധാന രോഗങ്ങൾ ഉൻമൂലനം ചെയ്യുന്നതിന് എന്തെങ്കിലും കേന്ദ്രാവിഷ്കൃത പദ്ധതിയുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly